## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1799

14.07.2011- ൽ മറുപടി നൽകേണ്ടിയിരുന്നത്

### തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോളജിയിലെ ക്രമവിരുദ്ധ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജോസ് തെറ്റയിൽ:** | | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം ശ്രീ. അവിട്ടം തിരുനാൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി വകുപ്പ് എന്നാണ് പ്രത്യേക വകുപ്പായി മാറ്റി രൂപീകരിച്ചത്; ഏതു വകുപ്പിൽ നിന്നാണ് മാറ്റിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 10.03.2005 ൽ ആണ് പീഡിയാട്രിക് ന്യൂറോളജി വകുപ്പ് രൂപീകരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗത്തിൽ നിന്നാണ് മാറ്റിയത്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പീഡിയാട്രിക് ന്യൂറോളജി വകുപ്പിൽ ഡോ. മേരി ഐപ്പിനെ നിയമിച്ചത് എന്നാണ്; പ്രസ്തുത വകുപ്പിൽ ഡോ. മേരി ഐപ്പിന് ഏതെല്ലാം തസ്തികകളിൽ എന്തെല്ലാം നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. ആയത് എന്നെല്ലാം റഗുലറൈസ് ചെയ്തിട്ടുണ്ട്; ഡി.പി.സി. കൂടി ഏതെല്ലാം തീയതികളിൽ പ്രമോഷൻ നൽകിയിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ 10.03.2005 ൽ പീഡിയാട്രിക് ന്യൂറോളജി വകുപ്പ് രൂപീകരിക്കുന്നതിന് മുൻപ് തന്നെ ജനറൽ പീഡിയാട്രിക് വിഭാഗവുമായി ബന്ധപ്പെട്ട് ഒരു പീഡിയാട്രിക് ന്യൂറോളജി യൂണിറ്റ് പ്രവർത്തിച്ചിരുന്നു. പ്രസ്തുത യൂണിറ്റിലേക്ക് 10.06.2002 ലാണ് ഡോ.മേരി ഐപ്പിനെ നിയമിച്ചത്. ലക്ചറർ, പീഡിയാട്രിക് ന്യൂറോളജി - 10.06.2002.<br><br>അസിസ്റ്റന്റ് പ്രൊഫസർ - 09.12.2002 പ്രസ്തുത നിയമനം 07.01.2002 ൽ പ്രാബല്യത്തിൽ ഡി.പി.സി. മുഖാന്തിരം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>അസോസിയേറ്റ് പ്രൊഫസർ -12.11.2009 എല്ലാ നിയമനങ്ങളും ഡി.പി.സി. അംഗീകരിക്കുകയും റഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട് ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രാരംഭം മുതലും നിലവിലും പീഡിയാട്രിക് ന്യൂറോളജി വകുപ്പിൽ എതെല്ലാം തസ്തികകളാണ് നിലവിലുള്ളത്; വകുപ്പ് വേർതിരിച്ച് രൂപീകരിച്ചപ്പോൾ ഓരോ തസ്തികയിലും ഏതു രീതിയിലാണ് നിയമനങ്ങൾ നടത്തിയത് ; പീഡിയാട്രിക്സിൽ തന്നെ യോഗ്യതയുള്ളവരിൽ നിന്ന് ഓപ്ഷൻ വിളിച്ചിരുന്നോ; ആരെല്ലാം ഓപ്ഷൻ നൽകിയിരുന്നു; അല്ലെങ്കിൽ ഓപ്ഷൻ വിളിക്കാത്തതിന് കാരണമെന്ത്; ഓപ്ഷൻ വിളിക്കാതെ നടത്തിയ നിയമനങ്ങൾ റദ്ദാക്കുമോ; | (സി) | തസ്തികകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. വകുപ്പ് വേർതിരിച്ച് രൂപീകരിക്കുന്ന സമയത്ത് എല്ലാ തസ്തികകളും ഒഴിഞ്ഞു കിടക്കുന്നില്ലായിരുന്നു സംസ്ഥാനത്ത് സർക്കാർ മേഖലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലൊഴികെ മറ്റൊരിടത്തും പീഡിയാട്രിക് ന്യൂറോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി വിഭാഗത്തിൽ നിയമിക്കപ്പെടേണ്ടവരുടെ യോഗ്യതയും നിയമന രീതിയും സംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ അതാത് സമയം രൂപീകരിച്ചിട്ടില്ലായിരുന്നു. ആയതിനാൽ പീഡിയാട്രിക്സ് എം.ഡി. യും (പി.ജി. ഡിഗ്രി) ഡി.എം. ന്യൂറോളജിയും നേടിയവരും പീഡിയാട്രിക്സ് വിഭാഗത്തിൽ ജോലിയിൽ തുടരുന്നവരുമായ അദ്ധ്യാപകർ അപേക്ഷിച്ചതനുസരിച്ച് അവരെ മാറ്റി നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. 2005 ൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗം രൂപീകരിക്കുകയും 2008 ൽ പ്രസ്തുത വിഭാഗത്തിൽ നിയമനം നടത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയുമാണ് ചെയ്തത്. ഇതിന് മുൻപ് ആരിൽ നിന്നും ഓപ്ഷനുകൾ ക്ഷണിച്ചിട്ടില്ലാത്തതാകുന്നു. യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചതിനുശേഷം ഉണ്ടായ ഒഴിവ് (സീനിയർ ലക്ചറർ) പി.എസ്സ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്സ്.സി യുടെ ശുപാർശ പ്രകാരം നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വകുപ്പ് രൂപീകരിക്കുന്നതിന് മുമ്പ് തസ്തികകൾ എങ്ങനെ ഉണ്ടായി എന്നും അതിൽ എങ്ങനെ നിയമനം നടത്തി എന്നും എങ്ങനെ റഗുലറൈസ് ചെയ്തു എന്നും വിശദീകരിക്കുമോ; നടപടികൾ ക്രമവിരുദ്ധമാണെങ്കിൽ നിയമന നടപടികൾ റദ്ദ് ചെയ്യുമോ; ബന്ധപ്പെട്ടവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുമോ; | (ഡി) | 24.02.1987- ൽ സ.ഉ.(ആർ.റ്റി) നം.616/87 ആകുവ പ്രകാരം, എസ്സ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് ക്ലിനിക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി അന്നുണ്ടായിരുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അപ്ഗ്രേഡ് ചെയ്ത് അസോസിയേറ്റ് പ്രൊഫസർ ആക്കുകയും ഒരു ട്യൂട്ടർ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. അതിനുശേഷം 31.03.1999 ൽ സ.ഉ.(എം.എസ്സ്)124/99 ആകുവ പ്രകാരം 2 (രണ്ട്) ലക്ചറർ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. ലക്ചറർ തസ്തികകൾ |

| | | |
|---|---|---|
| | | നിലവിൽ റിഡസിഗ്നേറ്റ് ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ എന്നാക്കുകകയും യോഗ്യരായവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അതാത് സമയങ്ങളിൽ നിലവിലുണ്ടായിരുന്ന ചട്ടങ്ങളും നടപടി ക്രമങ്ങളും അനുസരിച്ച് പീഡിയാട്രിക് വിഭാഗത്തിൽ ജോലി നോക്കുന്നവരും ഡി.എം. ന്യൂറോളജി യോഗ്യത നേടിയവരുമായ ടി ആൾക്കാരുടെ അപേക്ഷ പരിഗണിച്ച് നിയമിക്കുകയാണ് ചെയ്തിരുന്നത്. ക്രമവിരുദ്ധമായ നിയമനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) മെഡിക്കൽ കോളേജിലെ ഏതെല്ലാം തസ്തികകളിൽ പ്രൊവിഷണലായെങ്കിലും സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; പീഡിയാട്രിക് ന്യൂറോളജി വകുപ്പിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന് കാരണമെന്ത്; പ്രസ്തുത വകുപ്പിലെ അനധികൃത നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ റഗുലർ നിയമനം നൽകിയവരുടെ താല്ക്കാലിക ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പീഡിയാട്രിക് ന്യൂറോളജി വകുപ്പിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ ക്രമമനുസരിച്ച് അടിയന്തിരമായി ഡി.പി.സി മുൻപാകെ വയ്ക്കുവാൻ ആവശ്യമായ വകുപ്പുകളുടെ സീനിയോറിറ്റി ലിസ്റ്റുകളാണ് ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്